

FRIDAY 13/02/2026 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/02/2026

1. വൈഗയോടനുബന്ധിച്ച് 2 വ്യത്യസ്ത വേദികളിലായി കാർഷിക മേഖലയിലെ നൂതനവിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുന്നു. ഫെബ്രുവരി 13ന് ചെറുധാന്യങ്ങളുംകിഴങ്ങുവർഗ്ഗങ്ങളും, കാർഷിക കയറ്റുമതി സാധ്യതകൾ, AI അധിഷ്ഠിത സ്മാർട്ട്ഫാമിങ്, നാളികേരത്തിൽ നിന്നുള്ള നവീന മൂല്യവർധിത ഉൽപ്പന്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധ സെമിനാറുകൾ നടക്കും. ഫെബ്രുവരി 14ന് വിശിഷ്ട കൂൺ ഇനങ്ങളും മൂല്യവർധനവും, പഴം-പച്ചക്കറി പ്രോസസ്സിംഗ്, കാർഷിക രംഗത്തെ വനിതാപ്രാതിനിധ്യം, കൃഷിയിലൂടെ ആരോഗ്യവും, പോഷണവും, പുതിയ ഉൽപ്പന്നങ്ങളും എന്നീ വിഷയങ്ങളിൽ പ്രത്യേക സെഷനുകൾ സംഘടിപ്പിക്കുന്നു. കേരളത്തിലെ കർഷകരെയും കാർഷികസംരംഭകരെയും വിപണിയുമായി നേരിട്ട് ബന്ധിപ്പിക്കുന്നതിനായി ബിസിനസ്സ്ബിസിനസ് (B 2 B) മീറ്റ്സംഘടിപ്പിക്കുന്നു. ഫെബ്രുവരി 13 ന് തിരുവനന്തപുരം ആനയറ ഹോട്ടൽ ഓബൈ താമര വേദിയിലാണ് B 2 B മീറ്റ് സംഘടിപ്പിച്ചിട്ടുള്ളത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

2. തൊഴിൽരഹിതരായ യുവതി യുവാക്കൾക്കായി കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനവും അറ്റകുറ്റപ്പണികളും എന്ന വിഷയത്തിൽ 10 ദിവസത്തെ പ്രവർത്തിപരിചയ പരിശീലന പരിപാടി മാർച്ച് മാസം ആദ്യവാരം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9446370726 എന്ന മൊബൈൽ നമ്പറിൽ വിളിച്ച് ഫെബ്രുവരി 20 നുള്ളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. പരമ്പരാഗത പാരമ്പര്യേതര മേഖലകളിലെ റബ്ബർതോട്ടങ്ങളിൽ 2026-ൽ പൊടിക്കുമിൾ രോഗത്തിനെതിരെ പ്രതിരോധ നടപടിയായി ഗന്ധകം അടിച്ചതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ് സൈറ്റ് വഴി 'സർവീസ് പ്ലസ്' പോർട്ടലിൽ പ്രവേശിച്ച് 2026 ഫെബ്രുവരി 10 മുതൽ 20 വരെയുള്ള തീയതികളിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലോഡ് ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) ,ഫോൺ നമ്പർ 04812576622.

4. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 18 മുതൽ 20 വരെ ക്ഷീര സഹകരണ സംഘം ലാബ് അസിസ്റ്റൻറ് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 ഫെബ്രുവരി 17–ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004. Email ID:principaldtctvm@gmail.com